DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

15-09-2018

## കാർഷികമേഖലാവാർത്തകൾ

# കെ.എസ്.പി.ഡി.സി പ്രൊഡക്ഷൻ ബി.വി.-380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളുടെ വിതരണോത്ഘാടനം

സംസ്ഥാന സർക്കാർ സംരംഭമായ പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി, വാണിജ്യാടിസ്ഥാനത്തിൽ കെപ്കോ ഉൽപാദിപ്പിച്ച് അത്യുൽപാദന ശേഷിയുള്ളതും, രോഗ പ്രതിരോധ ശേഷി കൂടിയതും കേരളത്തിലെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതുമായ ബി.വി- 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളുടെ വിതരണോദ്ഘാടനം ഇന്ന് രാവിലെ 10.30 ന് കൊല്ലം ജില്ലയിലെ കൊട്ടിയം പൗൾട്രി കൊപ്ലക്സിൽ നടക്കുന്ന യോഗത്തിൽ വച്ച് കെപ്കോ ചെയർപേഴ്സൺ ജെ.ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യുന്നു.

ബി.വി- 380 ഇനത്തിൽപെട്ട കോഴികളുടെ സവിശേഷത ഇവ അട ഇരിയ്ക്കാറില്ല. കേജ് രീതിയിലും വ്യാവസായികാടിസ്ഥാനത്തിലും ഇവയെ വളർത്താൻ കഴിയും. ഈ ഇനത്തിൽപ്പെട്ട കോഴികൾ ഒരു വർഷം ശരാശരി 295 മുതൽ 308 വരെ മുട്ടകൾ ഇടും. നിലവിൽ കേരളത്തിൽ ബി.വി. 380 ഇനത്തിൽപ്പെട്ട കോഴികളെ കെപ്കോ മാത്രമാണ് വിതരണം ചെയ്യുന്നത്.

## അറിയിപ്പ്

സ്റ്റേറ്റ് സീഡ് ഫാം, മൂന്നാളം, അടൂരിൽ റെഡ്ലേഡി പപ്പായ, മുരിങ്ങ, അഗത്തി ചീര, കറിവേപ്പ്, അമരപയർ, ഉണ്ടമുളക്, വഴുതന, തക്കാളി, കാബേജ്, കോളിഫ്ളവർ, നാടൻ മുളക് എന്നീ പച്ചക്കറി തൈകൾ, മണ്ണ് നിറച്ച ഗ്രോബാഗ്, വിവിധ ഇനം പച്ചക്കറി വിത്ത് എന്നിവ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ഓഫീസുമായി 04734-227868, 9447007990 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## തേനീച്ചവളർത്തലിൽ പരിശീലനം

തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം ഈ മാസം 18-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. റബ്ബർതോട്ടങ്ങളിൽ നിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനഫീസ് 500 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. കൂടാതെ, റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഫീസ് അടച്ചതിന്റെ രേഖയും അപേക്ഷകന്റെ ഫോൺ നമ്പറും സഹിതം ഇ-മെയിലായോ (training@rubberboard.org.in) റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ടോ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2353127, 2351313.

## കാർഷിക സർവകലാശാലയിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ ഹൈടെക് അടുക്കളത്തോട്ടത്തിന്റെ 2 ദിവസത്തെ പരിശീലന പരിപാടി

നൂതന കാർഷിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഒരു കുടുംബത്തിന് വേണ്ട വിഷരഹിതമായ പച്ചക്കറികൾ കുറഞ്ഞ സ്ഥലത്തിൽ ഉണ്ടാക്കുന്നതിനും അടുക്കള മാലിന്യത്തിന്റെ സംസ്കരണത്തെക്കുറിച്ചും രണ്ട് ദിവസത്തെ പരിശീലന പരിപാടി ഈ മാസം 17,18 തീയതികളിൽ Hi-tech Research and Training unit Hall, Instructional farm വെള്ളാനിക്കരയിൽ 9 മണി മുതൽ 5 മണിവെരെ നടത്തുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ 8078056558, 7902386284 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.